പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 252.

11/12/2014 -ൽ മറുപടിക്ക്

## ഭൂമിയുടെ ന്യായവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>" എം.എ. ബേബി<br>" പി. ശ്രീരാമകൃഷ്ണൻ<br>ശ്രീമതി. അയിഷാ പോറ്റി. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിലവിലുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നടപടികൾ തുടർന്നു വരുന്നു.<br>1/4/2010 മുതൽ 30/9/2014 വരെ 1,59,859/- അപ്പീലുകൾ തീർപ്പാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) പലയിടങ്ങളിലും വിപണി വിലയേക്കാൾ കൂടുതലാണ് സർക്കാർ നിശ്ചയിച്ച വിലയെന്ന ആക്ഷേപത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ; വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമയപരിധി പാലിച്ച് അപ്പീൽ സമർപ്പിക്കുന്നതിന് അവകാശമുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകളിൽ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| സി) ഈ സാഹചര്യത്തിൽ ഭൂമിയുടെ ന്യായവില ഉയർത്തിയ നടപടി ഉചിതമാണെന്ന് കരുതുന്നുണ്ടോ ; | സി) കഴിഞ്ഞ 10 വർഷംകൊണ്ട് ഭൂമിയുടെ മാർക്കറ്റ് വില ഗണ്യമായി വർദ്ധിക്കുകയുണ്ടായി എങ്കിലും ന്യായവിലയിൽ തദനുസരണം യാതൊരുമാറ്റവും വരുത്തിയിട്ടില്ലാത്തതിനാൽ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ ചോർച്ച ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ന്യായവില ഉയർത്തിയ നയപരമായ തീരുമാനം ഉചിതമാണെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| ഡി) | മുദ്രപ്പത്ര വിലയും രജിസ്ട്രേഷൻ ഫീസും ഉൾപ്പെടെ വർദ്ധിപ്പിച്ചതു കാരണം സാധാരണ ജനങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി, പരമാവധി 1000/- രൂപ എന്ന പരിധിയും ടി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25000/- രൂപ എന്ന പരിധിയും ഒഴിവാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| ഇ) | ഭൂമി വിലയും ഫീസും കുത്തനെ വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കുന്നതിനും ന്യായവില സംബന്ധിച്ച പരാതികളിൽ കാലതാമസം ഒഴിവാക്കി തീർപ്പ് കൽപ്പിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ ? | ഇ) | ഭൂമി വിലയും ഫീസും കുത്തനെ വർദ്ധിപ്പിച്ചിട്ടില്ല. ന്യായവില സംബന്ധിച്ച പരാതികളിൽ കാലതാമസം ഒഴിവാക്കി തീർപ്പുകൽപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് /റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ.